# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.58</u>　　　　<u>28.05.2019-ൽ മറുപടിക്ക്</u>

## ഐ.ടി മേഖലയുടെ വികസനം

**ചോദ്യം**　　　　**മറുപടി**

**ശ്രീ.ബി.സത്യൻ**
**,, ആന്റണി ജോൺ**
**,, ആർ. രാജേഷ്**
**,, കെ. ദാസൻ**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഐ.ടി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ഗവൺമെന്റ് പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഐ.ടി പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും (ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്റ്റാർട്ട്സ് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവ) മറ്റ അനുബന്ധ സംവിധാനങ്ങൾ (വൈദ്യുതി, ജലം, കണക്ടിവിറ്റി, റോഡുകൾ തുടങ്ങിയവ) പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) സജ്ജീകരിച്ചിട്ടുണ്ട്.<br>ടെക്നോസിറ്റിയിലെ മികവിന്റെ കേന്ദ്രമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നോളഡ്ജ്സിറ്റി, പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ടുള്ള നിസ്സാൻ ഡിജിറ്റൽ ഹബ്ബ്, സ്പെയിസ് പാർക്ക് എന്നിവയും ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്ററും ആരംഭിക്കാൻ ധാരണയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഐ.ടി പാർക്കുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | ബി) | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഐ.ടി പാർക്കുകളിൽ എല്ലാ മേഖലയിലുമുള്ള (Small-Medium-Land) ഐ.ടി/ ഐ.ടി.ഇ.എസ് ദേശീയ-അന്തർദേശീയ സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ഭൂമി, ലോകോത്തര നിലവാരമുള്ള ഐ.ടി കെട്ടിട സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത, മറ്റ് അനുബന്ധ സൗകര്യങ്ങളായി മിതമായ നിരക്കിലുള്ള മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ; 100% പവർ ബാക്ക്അപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ എന്നിവയും; അവയുടെ വിപുലീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.<br>ലോകോത്തര ഐ.ടി സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി സാങ്കേതിക വ്യവസായിക മേഖലയിലെ പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകൾ, ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾ, റോഡ് ഷോകൾ എന്നിവയിലൂടെ കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ദേശീയവും അന്തർദേശീയവുമായ ഡുഫ്രൈൻ കൺസൾട്ടിംഗ്, ഓർക്കിഡ് മൈക്രോ സിസ്റ്റംസ്, പാരമൗണ്ട് കമ്പ്യൂട്ടേഴ്സ്, |

| | | | |
|---|---|---|---|
| | | | എക്സ്പ്രസോ കാപ്പിറ്റൽ എന്നീ കമ്പനികൾ താൽപര്യം പ്രകടിപ്പിക്കുകയും നിസ്സാൻ (ജപ്പാൻ), ടെറാനെറ്റ് (കാനഡ), എച്ച് ആന്റ് ആർ ബ്ലോക്ക് (അമേരിക്ക) തുടങ്ങിയ കമ്പനികൾ അവരുടെ പ്രാരംഭഘട്ട ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഇതിലൂടെ ഏകദേശം 1500 പുതിയ നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| സി | യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുംവിധം വി.എസ്.എസ്.സി-യുമായി ചേർന്ന് എന്തെല്ലാം പദ്ധതി-കളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | സി | സർക്കാരിന്റെ പുതിയ പദ്ധതിയായി 100 ഏക്കറിൽ വിഭാവനം ചെയ്ത ടെക്നോസിറ്റിയിലെ നോളഡ്ജ്സിറ്റിയിൽ 20 ഏക്കറിൽ VSSC യുടെ Space Park പദ്ധതിയും ഉൾപ്പെടുന്നു. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി ആദ്യ ഘട്ടം എന്ന നിലയിൽ VSSC സജ്ജീകരിക്കുന്ന നാനോ സ്പെയിസ് പാർക്കിനുള്ളിൽ സ്പെയിസ് സിസ്റ്റം കോംപ്ലക്സിനു വേണ്ടി VSSC ക്ക് 3.94 ഏക്കർ ഭൂമി ടെക്നോസിറ്റിയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>പ്രാരംഭഘട്ടമെന്ന നിലയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് (STADE - Space Technology Application Development Ecosystem) രണ്ട് സ്റ്റാർട്ട് അപ്പ് കമ്പനികൾ കേരള സ്റ്റാർട്ട് അപ്പ് മിഷൻ മുഖേന ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഐ.ടി. അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ഡി) | ടെക്നോപാർക്കിന്റെ ഫെയിസ്-3 യിൽ ടോറസ് പദ്ധതി, ടെക്നോസിറ്റിയിൽ ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രെയിഡ് സെന്റർ തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ ധാരണയായിട്ടുണ്ട്. ഇൻഫോപാർക്കിൽ ബ്രിഗേഡിന്റെ വേൾഡ് ട്രെയിഡ് സെന്റർ, പഞ്ചനക്ഷത്ര ഹോട്ടലായ ഫോർ പോയിന്റ് ഷെറാട്ടൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഒരു മൾട്ടി പർപ്പസ് ബിസിനസ്സ് ആക്സിലറേറ്റർ കെട്ടിടം പണിയാനുള്ള അനുമതിയും ഇൻഫോപാർക്കിനു ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**